കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മീനച്ചിൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി.7-1886/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 26/11/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മീനച്ചിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി.7-1886/2024 തീയ്യതി: 26/11/2024

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.മാത്യു ജേക്കബ്	ഡെപ്യൂട്ടി ഡയറക്ടർ	05-11-2024	15-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-11-2024	15-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സജി പി.ആർ ഓഡിറ്റ് ഓഫീസർ
ശ്രീമതി ജയശ്രീ പി.ജി സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.യോഗേഷ് ആർ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബു റ്റി ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജോയി സെബാസ്റ്റ്യൻ	പ്രസിഡന്റ്	01-04-2023	29-06-2023
ശ്രീ.സാജോ പൂവത്താനി	പ്രസിഡന്റ്	30-06-2023	31-03-2024

ശ്രീ.ബിജോ പി ജോസഫ്	സെക്രട്ടറി	01-04-2023	31-03-2024

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ബിജോ പി ജോസഫ്	സെക്രട്ടറി	01-04-2023	31-03-2024
ശ്രീ.അനിൽ എസ്	അസിസ്റ്റൻറ് സെക്രട്ടറി	01-04-2023	18-07-2023
ശ്രീമതി നിത്യാ സി.പി	കൃഷി ഓഫീസർ	01-04-2023	25-03-2024
ശ്രീ.അഖിൽ കെ രാജു	കൃഷി ഓഫീസർ	26-03-2024	31-03-2024
ഡോ.നിർമ്മൽ മാത്യു ജോസ്	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-04-2023	30-06-2023
ഡോ.ജോസ്‌ളി ഡാനിയേൽ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-07-2023	31-03-2024
ഡോ.ബിൻസി ഡി	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	07-02-2024
ഡോ.ഹഫ്സാ മുഹമ്മദ്	മെഡിക്കൽ ഓഫീസർ, ഹോമിയോ	08-02-2024	31-03-2024
ഡോ.ആൻറണി ജോസ്	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	01-04-2023	31-03-2024
ഡോ.സുധീർ പി.എസ്	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി രവീണ രവി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീമതി ഹരിലക്ഷ്മി എസ്	അസിസ്റ്റൻറ് എൻജിനീയർ	01-04-2023	31-03-2024
ശ്രീ.ഷിബുമോൻ ജോർജ്	ഹെഡ്മാസ്റ്റർ	01-04-2023	31-03-2024
ശ്രീമതി അഞ്ജു ട്രീസ ജോയി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി രാജിമോൾ കെ.ആർ	വി ഇ ഓ ഇടമറ്റം	01-04-2023	12-10-2023
ശ്രീ.അനിൽകുമാർ	വി ഇ ഓ ഇടമറ്റം	13-10-2023	12-01-2024
ശ്രീമതി സുഷ ഹരി	വി ഇ ഓ ഇടമറ്റം	13-01-2024	31-03-2024
ശ്രീ.അനീഷ് ലത്തീഫ് വി.എ	വി.ഇ.ഓ പൂവരണി	01-04-2023	21-07-2023
ശ്രീമതി ആൻസി	വി.ഇ.ഓ പൂവരണി	22-07-2023	19-01-2024
ശ്രീ.സതീഷ് കെ.കെ	വി.ഇ.ഓ പൂവരണി	20-01-2024	31-03-2024
ശ്രീമതി പൗളിൻ ജോസഫ്	അസിസ്റ്റൻറ് സെക്രട്ടറി	19-07-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24	1-1
2	ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല	1-1-1
3	ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല	1-1-2
4	ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല	1-1-3
5	ചെലവുകൾ കൃത്യമായ ബാധ്യത ശീർഷകത്തിൽ അക്രുവലായി അക്കൗണ്ട് ചെയ്യുന്നില്ല	1-1-4
6	പ്രത്യേക ആവശ്യത്തിനായി ലഭിച്ച തുക ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തില്ല	1-1-5
7	ലോൺ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-6
8	ജലനിധി അക്കൗണ്ടിലെ നീക്കിയിരിപ്പുകളിൽ വ്യത്യാസം	1-1-7
9	ദുരിതാശ്വാസനിധിയുടെ നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല	1-1-8
10	മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല	1-1-9
11	കെ.എസ്.ആർ.ടി.സി യിൽ ഡെപ്പോസിറ്റ് ചെയ്ത തുക അഡ്വാൻസായി അക്കൗണ്ട് ചെയ്തില്ല	1-1-10
12	ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല	1-1-11
13	Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.	1-1-12
14	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-13
15	ബജറ്റ് വിശകലനം	1-2
16	സാമ്പത്തിക വിശകലനം	1-3
17	ഗ്രാന്റ് വിനിയോഗം	1-4
18	പദ്ധതിഅവലോകനം.	1-5
19	മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി	1-6
20	സാമൂഹ്യസുരക്ഷ പദ്ധതികൾ	1-7
21	കാഷ് ബാലൻസ് പരിശോധന	1-8
22	ആഭ്യന്തരനിയന്ത്രണം	1-9
23	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
24	വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ-ഫീൽഡ് പരിശോധനാ നടപടികൾ ആരംഭിച്ചില്ല	1-11
25	തൻ വർഷം നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല	1-12
26	സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തുന്നു	1-13
27	ഒരേ റോഡ് തന്നെ വിവിധ തരംതിരുവുകളിൽ വസ്തുനികുതി നിർണ്ണയത്തിന് പരിഗണിക്കുന്നു	1-14
28	ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-15
29	കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല	1-16
30	ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനം പ്രവർത്തിക്കുന്നു	1-17
31	ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരമുള്ള പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.	1-18
32	മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു	1-19
33	കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയ റിവോൾവിംഗ് ഫണ്ട് ക്രമീകരിക്കാതെ അവശേഷിക്കുന്നു.	1-20
34	കംപ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക പരിപാലന ചെലവ്- കരാർ ലഭ്യമാക്കിയിട്ടില്ല.	1-21

35	തെരുവ് വിളക്കുകളുടെ പുനരുദ്ധാരണം- ബിൽ തുകയിൽ നിന്നും നികുതി വിഹിതങ്ങൾ ഈടാക്കില്ല.	1-22
36	തുമ്പൂർമൂഴി മോഡൽ മാലിന്യനിർമ്മാർജനം-പ്രവൃത്തി പൂർത്തിയാക്കില്ല.	1-23
37	കരാറുകാരൻ കോട്ട് ചെയ്ത തുകയിലും അധികം മൂല്യം കണക്കാക്കി തുക അനുവദിച്ചു- അധികച്ചെലവ്.	1-24
38	ബാരൽ വിലയുടെ ജി.എസ്.ടി, തനഫണ്ടിൽ ക്രഡിറ്റ് ചെയ്തത്- സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല.	1-25
39	അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.	1-26
40	എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-തുക അക്കൗണ്ടിൽ ക്രഡിറ്റായില്ല	1-27
41	എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി- പദ്ധതി നടത്തിപ്പിൽ അപാകതകൾ	1-28
42	ഗാർഹിക ഉറവിട മാലിന്യ സംസ്കരണം-ജിബിൻ ത്രി ബിൻ സിസ്റ്റം വിതരണ വിവരങ്ങൾ കൃത്യമല്ല - ബിൽ തുക അധികം നൽകി .	1-29
43	ലൈഫ് ഭവന പദ്ധതി- വീട് നിർമ്മാണം പൂർത്തിയാക്കിയില്ല	1-30
44	ജലനിധി സുസ്ഥിരതാ പദ്ധതിക്ക് വിഹിതം നൽകൽ- പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല- പഞ്ചായത്ത് വിഹിതമായി അധികം തുക നൽകി	1-31
45	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മ സേനയിലൂടെ	1-32
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24

1. **മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ** 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 17/05/2024 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 09/07/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി : 26.11.2024 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ

(OBRP Data) സൂക്ഷിച്ചിട്ടില്ല. 31.03.2024 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

2023-24 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ്, ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശങ്ങൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-1-3 ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. പഞ്ചായത്തിന്റെ ആസ്തി വിവരങ്ങൾ ക്രോഡീകരിച്ച് ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-4 ചെലവുകൾ കൃത്യമായ ബാധ്യത ശീർഷകത്തിൽ അക്രുവലായി അക്കൗണ്ട് ചെയ്യുന്നില്ല

ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ (350100101, 350100201, 350100301, 350100401, 350100501, 350100901, 350100902, 350100903) ലഭ്യമായിരുന്നിട്ടും 2023-24 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രുവലായി അക്കൗണ്ട് ചെയ്തിരിക്കുകയാണ്. തുടർവർഷം മുതൽ ചെലവുകൾ Payable ആയി കൃത്യമായ ബാധ്യത ശീർഷകങ്ങളിൽ വേർതിരിച്ച് മാത്രം ജേർണൽ എൻട്രിയായി (Journal Voucher) അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-5 പ്രത്യേക ആവശ്യത്തിനായി ലഭിച്ച തുക ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തില്ല

ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം പൊന്നോഴുകും തോടിന് കുറുകെയുള്ള പാലം വീതി കൂട്ടി നിർമ്മിക്കുന്നതിന് ശ്രീ.ടോം മാത്യു, കരോട്ട് വീട്ടിൽ എന്ന വ്യക്തി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് അടവാക്കിയ 12,300,00 രൂപ ബാദ്ധ്യതയായി അക്കൗണ്ട് ചെയ്തില്ല. പ്രസ്തുത തുക Voluntary Contributions And Donations എന്ന ശീർഷകത്തിൽ വരവായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത തുക ബാദ്ധ്യതയായി ക്രമീകരിക്കേണ്ടതാണ്.

1-1-6 ലോൺ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

ലോൺ ഇനത്തിൽ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക ബി-5 ഷെഡ്യൂൾ പ്രകാരം 8401282 രൂപയും ബി-16 ഷെഡ്യൂൾ പ്രകാരം 8081282 രൂപയുമാണ്. ഷെഡ്യൂളുകൾ തമ്മിൽ 320000 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. എന്നാൽ ലോണിന്റെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക 12209 രൂപ മാത്രമാണ്. കണക്കുകൾ കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-1-7 ജലനിധി അക്കൗണ്ടിലെ നീക്കിയിരിപ്പുകളിൽ വ്യത്യാസം

ജലനിധിയുടെ രണ്ട് ബാങ്ക് അക്കൗണ്ടുകളിലായി 31.03.2024 ലെ നീക്കിയിരിപ്പ് 20360 രൂപയാണ്. എന്നാൽ പ്രസ്തുതയിനത്തിൽ ബി-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി അവശേഷിക്കുന്ന തുക 124406 രൂപയാണ്. 104046 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.കണക്കുകൾ കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-1-8 ദുരിതാശ്വാസനിധിയുടെ നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല

ദുരിതാശ്വാസനിധിയുടെ ബാങ്ക് അക്കൗണ്ടിലെ 31.03.2024 ലെ നീക്കിയിരിപ്പ് 7555 രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ബി-2 ഷെഡ്യൂളിൽ ബാദ്ധ്യതയായി അവശേഷിക്കുന്നത് 13555 രൂപയാണ്. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും കണക്കുകൾ കൃത്യമാക്കേണ്ടതുമാണ്.

1-1-9 മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല

സാക്ഷരത പ്രേരകുമാർക്ക് 2017-18 മുതൽ നൽകിയ മുൻകൂർ 94840/- രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നത് Advance To Accredited Agencies ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത മുൻകൂർ Advance To Saksharatha ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. തുടർ വർഷത്തിൽ പ്രസ്തുത മുൻകൂർ കൃത്യമായ ശീർഷകത്തിലേക്ക് ക്രമീകരിക്കേണ്ടതാണ്.

1-1-10 കെ.എസ്.ആർ.ടി.സി യിൽ ഡെപ്പോസിറ്റ് ചെയ്ത തുക അഡ്വാൻസായി അക്കൗണ്ട് ചെയ്തില്ല

ഗ്രാമവണ്ടി എന്ന പ്രോജക്ടിനായി തൻ വർഷം കെ.എസ്.ആർ.ടി.സി യിൽ നിക്ഷേപിച്ച 100000 രൂപ അഡ്വാൻസായി ബി-18 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടില്ല. പ്രസ്തുത തുക അഡ്വാൻസായി അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-11 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല

തൻ വർഷം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ട 184754 രൂപയുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-12 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി-9 ഷെഡ്യൂളിൽ ബാദ്ധ്യതയായി നിൽക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. രജിസ്റ്റർ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-1-13 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന നോട്ട്സ് ഓൺ അക്കൗണ്ട്സ് ഓഡിറ്റിനായി ലഭ്യമാക്കിയില്ല. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

1-2 ബജറ്റ് വിശകലനം

2023-24 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 23.03.2023 ലെ 1(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 12.02.2024 -ലെ 3(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ്	
	ആദ്യത്തേത്	പുതുക്കിയത്
മുന്നിരിപ്പ്	4519517	4519517
വരവ്	200369500	203869500
ആകെ	204889017	208389017
ചെലവ്	198349720	200149800
നീക്കിയിരിപ്പ്	6539297	8239217

ബജറ്റ് പ്രകാരം 20.83 കോടി രൂപ വരവും 20.01 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2023-24 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 9.92 കോടി രൂപയും ചെലവ് 9.90 കോടി രൂപയുമാണുള്ളത്. ഒറിജിനൽ ബജറ്റ് പ്രകാരമുള്ള മതിപ്പ് വരവ്/ചെലവ് തുകകളും 2024-25 വർഷത്തെ ബജറ്റ് അവതരണത്തോടൊപ്പം നിയമാനുസൃതം തയ്യാറാക്കിയ 23-24 ലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള മതിപ്പ് തുകകളും തമ്മിൽ കാര്യമായ വ്യതിചലനം ഇല്ലെങ്കിലും യഥാർത്ഥ കണക്കുകളുമായി താരതമ്യത്തിന് അതീതമായ വ്യത്യാസം നിലനിൽക്കുന്നു. നിലവിൽ തയ്യാറാക്കുന്ന ബജറ്റ് രേഖകൾ ധനവിനിയോഗ നിയന്ത്രണത്തിനുള്ള ഒരു പ്രാമാണിക രേഖ എന്ന നിലയിൽ ഉപയുക്തമാവുന്നില്ല. ബജറ്റ് കണക്കുകൾ യാഥാർത്ഥ്യ ബോധത്തോടും കൃത്യതയോടെയും തയ്യാറാക്കാൻ ശ്രമിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

2023-24 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെന്റിച്ചർ പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

മുന്നിരിപ്പ്	10956226.53
ഓഡിറ്റ് വർഷത്തെ വരവ്(Receipt)	40869484
ആകെ	51825710.53
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (Payment)	41145697
നീക്കിയിരിപ്പ്	10680013.53

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

ഇനം	തുക
ആകെ വരുമാനം(Income)	99269499
ആകെ ചെലവ് (Expenditure)	99085472
വരുമാന മിച്ചം (Gross Surplus)	184027
മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment)	35057
അറ്റ പ്രവർത്തന മിച്ചം	219084

ഓഡിറ്റ് സംക്ഷിപ്തം

വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	476927/-

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ)	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സായ തുക	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	0	14787000	14787000	14787000	0	100
വികസനഫണ്ട് എസ്.സി.പി.	0	1980000	1980000	1980000	0	100
വികസനഫണ്ട് ടി.എസ്.പി.	0	99000	99000	99000	0	100
സംരക്ഷണഗ്രാന്റ് റോഡ്	0	11601350	11601350	3665389	7935961	31.6
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	4622000	4622000	3844755	777245	83.18
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്	1633672	1836500	3470172	1808014	1662158	52

ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്	391542	2512439*	2903981	2334104	569877	80.38
ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ)	209144	748066	957210	626384	330826	65.44
ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്ററേഴ്സ്)	111543	324816	436359	430000	6359	98.54
ഐ.സി.ഡി.എസ്	75987	759445	835432	238114	597318	
ശുചിത്വമിഷൻ ഗ്രാന്റ്	78921	0	78921	0	78921	
എസ്.എസ്.എ	49908	0	49908	0	49908	
നബാർഡ് ഫണ്ട്	25739	0	25739	0	25739	
ജലനിധി	121502	2904	124406	0	124406	
ഫ്ലഡ് റിലീഫ് ഗ്രാന്റ്	1522	0	1522	0	1522	
നിർമ്മൽ പുരസ്ക്കാരം	23407	936	24343	0	24343	
ലൈഫ്-സംസ്ഥാന വിഹിതം	620000	3780000	4400000	3510000	890000	
PYKKA ഗ്രാന്റ്	280000	0	280000	0	280000	

* ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ പലിശ 63439/- രൂപ ഉൾപ്പെടെ

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യതിലേയും വിനിയോഗത്തിലേയും അപാകതകൾ താഴെ ചേർക്കുന്നു.

1. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി ,റ്റി.എസ്.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 1697344 രൂപ, 197447 രൂപ, 14667 രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ ഇത്തരത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് , സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2. അസി.സെക്രട്ടറി നടപ്പാക്കിയ ഹരിതമിത്രം എന്ന പ്രോജക്ടിലുൾപ്പെടുത്തി (നം.118/24) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള 62000 രൂപയുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിലുൾപ്പെട്ടിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ചെലവ് ഉണ്ടായിരുന്നില്ല. ആയതിനാൽ പ്രസ്തുത ചെലവ് വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടില്ല. കൂടാതെ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും തൻ വർഷം കുറവ് ചെയ്ത Deduction തുകയായ 13870/- രൂപ തൻ വർഷം തന്നെ അടവ് വരുത്താത്തതിനാൽ ബാങ്ക് അക്കൗണ്ടിലും വാർഷികകണക്കുകളിലും Deduction തുകകളുടെ ചെലവും പ്രതിഫലിച്ചിട്ടില്ല.

3. ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റിന്റെ രണ്ടാം ഗഡു, മെയിന്റനൻസ് ഗ്രാന്റുകളുടെ മൂന്നാം ഗഡു എന്നിവ പഞ്ചായത്തിന് 2023-24 വർഷം അലോട്ട്മെന്റായി ലഭിച്ചിട്ടില്ല. പൊതു ഉദ്ദേശ്യ ഗ്രാന്റ് 2023-24 വർഷം അവസാന മൂന്ന് ഗഡു ലഭിച്ചിട്ടില്ല.

4. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 63439/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) ആയി നൽകിയിരിക്കുന്നത്.

1-5 പദ്ധതിഅവലോകനം.

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 25.02.2023 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ 23.03.24 ലെ 83898/23/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിയ്ക്ക് അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്.

വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

ഘട്ടം	തീയതി
വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന	1(2)/ 7.01.2023
വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി	19.06.2023
പദ്ധതിരൂപീകരണ ഗ്രാമസഭകൾ	16.01.2023 മുതൽ 22.01.2023 വരെ
ആസൂത്രണസമിതി യോഗം	31.12.2022
വികസനസെമിനാർ	22.02.2023
ഗുണഭോക്തൃതതെരഞ്ഞെടുപ്പ് ഗ്രാമസഭകൾ	24.06.2023 മുതൽ 29.06.2023 വരെ
ഭിന്നശേഷി ഗ്രാമസഭ	09.01.2023
ഊരുകൂട്ടം	09.01.2023

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
196	125389982	124	46985851	72	63.26

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം	ആകെ അടങ്കൽ	തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം	ആകെ ചെലവ്
കൃഷി ഓഫീസർ	8	2138563	6	2034061
വെറ്ററിനറി സർജൻ	9	3239812	9	3239812
മെഡിക്കൽ ഓഫീസർ സി.എച്ച്.സി	11	4545342	11	3896867
മെഡിക്കൽ ഓഫീസർ ആയുർവ്വേദം	1	350000	1	350000
മെഡിക്കൽ ഓഫീസർ ഹോമിയോ	2	299698	1	200000
വി.ഇ.ഒ 1	24	53970715	21	18515728
ഐ.സി.ഡി.എസ് സൂപ്പർവൈസർ	9	5174600	7	3240419
സെക്രട്ടറി	52	13165765	36	7172770
അസിസ്റ്റന്റ് എൻജിനീയർ	68	39619191	20	5909582
ഡയറി ഫാം ഇൻസ്ട്രക്ടർ	1	575000	1	514576
അസിസ്റ്റന്റ് സെക്രട്ടറി	8	1562296	8	1163036
ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. സ്കൂൾ	3	749000	3	749000

ആകെ	196	125389982	124	46985851

8713206/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2023-24 വർഷം ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റു തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 8713206/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ബജറ്റ് വിഹിതം	ചെലവഴിച്ച തുക	സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത്
സംരക്ഷണ ഗ്രാന്റ് (റോഡ്)	11601350	3665389	7935961
സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്)	4622000	3844755	777245
ആകെ			8713206

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 87 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നിരുന്നാലും വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി. എന്നീ വിഭാഗങ്ങളിൽ 100 ശതമാനം തുക വിനിയോഗിക്കാൻ സാധിച്ചത് എടുത്തു പറയേണ്ട നേട്ടമാണ്.

. **നിക്ഷേപ പ്രവൃത്തികൾ- 5799286/- രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.**

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 5799286/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 1615487/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 3501347/- രൂപയുടെ വിനിയോഗ വിവരവും, കുടുംബശ്രീയിൽ നിക്ഷേപിച്ച 500000/- രൂപയുടെ വിനിയോഗ വിവരവും, അക്രഡിറ്റഡ് ഏജൻസിയിൽ നിക്ഷേപിച്ച 94840/- രൂപയുടെ വിനിയോഗ വിവരവും, പി.ഡബ്ല്യു.ഡിയിൽ നിക്ഷേപിച്ച 87610/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പ്രവൃത്തികളുടെ പൂർത്തീകരണശേഷം നിർവ്വഹണ ഏജൻസികളിൽ തുക അവശേഷിക്കുന്ന പക്ഷം ആയത് തിരികെ ഈടാക്കി ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് ഒടുക്കേണ്ടതാണ്.

.മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2023-24 വർഷം 28 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13

വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 163 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 163 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 131 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 192.97 ലക്ഷം രൂപ. 41764 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 306 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 134 അയൽകൂട്ടങ്ങളിൽ 105 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 565 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, തോടുകളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികളും റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
കാഷ്	5370	972306	977676	972151	5525
ഇ.എഫ്.എം.എസ്	0	18325660	18325660	18325660	0
ആകെ	5370	19297966	19303336	19297811	5525

വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് തുക 19317811 രൂപയും (I6 പ്രകാരം) കാഷ് ബുക്ക് പ്രകാരമുള്ള ചെലവ് തുക 19297811 രൂപയുമാണ്. RP(30) പ്രകാരമുള്ള ഭരണച്ചെലവുകൾക്കുള്ള വരവ് 992306 രൂപയും കാഷ് ബുക്ക് പ്രകാരം ഭരണച്ചെലവുകൾക്കുള്ള വരവ് 972306 രൂപയുമാണ്. ഈ രണ്ട് സംഗതികളിലും 20000 രൂപയുടെ വ്യത്യാസം ഉണ്ട്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2023-24 വർഷം മീനച്ചിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	10200/-	8
വാർദ്ധക്യകാലപെൻഷൻ	13847700/-	1388
കർഷകതൊഴിലാളി പെൻഷൻ	1274400/-	112
വിധവാപെൻഷൻ	5291000/-	488
50 വയസിലധികം പ്രായമുള്ള അവിവാഹിത വനിതകൾക്ക് പെൻഷൻ	504200/-	44
വികലാംഗപെൻഷൻ	1711200/-	151

1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2023-24 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റ്, ഫ്രണ്ട് ഓഫീസ് ക്യാഷർ എന്നീ ജീവനക്കാരുടെ സാന്നിധ്യത്തിൽ 06/11/2024 തീയതിയിൽ 3 PM സമയത്ത് നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ 10817/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ

സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാന ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	04/2022	2021-22	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	01/2018	2012-13 മുതൽ 2016-17 വരെ	LBA(HQ)4/18A/2753/345 തീയതി 01/03/2018

1-11 വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ-ഫീൽഡ് പരിശോധനാ നടപടികൾ ആരംഭിച്ചില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(കൈ) 77/2023/ തീയതി 22.3.2023 പ്രകാരം 31.3.2023വരെ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിലെ മാറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾ (ഫോറം 9B പ്രകാരം)കെട്ടിട ഉടമകളിൽനിന്ന് ശേഖരിച്ച് ഫീൽഡ് പരിശോധന നടത്തുന്നതിന് നിർദ്ദേശിച്ചിരിന്നു. കൂടാതെ നിലവിലുള്ള കെട്ടിടങ്ങളുടെ ഇത്തരത്തിലുള്ള വിവര ശേഖരണം ഫീൽഡ് പരിശോധനയിലൂടെ 2023 ഒക്ടോബർ 15 നുള്ളിൽ പൂർത്തിയാക്കേണ്ടതാണെന്നും 13.09.2023 ലെ LSGD/PD/20073/2023-REV2 നമ്പർ സർക്കുലറിലും നിഷ്ക്കർഷിച്ചിരുന്നതാണ്.എന്നാൽ ഇത് സംബന്ധിച്ച് തുടർ നടപടികൾ നടത്തിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. നിലവിലെ സ്ഥിതിയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്ന നടപടികളുടെ പുരോഗതി വിവരങ്ങളും രേഖകൾ സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/12.11.24) ഫീൽഡ് പരിശോധന നടത്തുന്നതിന് യോഗ്യരായവരെ നിയമിക്കുന്നതിന് 2 തവണ പത്രപരസ്യം നടത്തിയെങ്കിലും അപേക്ഷകൾ ലഭിച്ചില്ലായെന്നും പുതിയ സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടിസ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ ഫീൽഡ് പരിശോധനയിലൂടെ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും ഇത് സംബന്ധിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-12 തൻ വർഷം നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല

22/03/2023 ലെ സ.ഉ.(കൈ) നം.77/2023/LSGD നമ്പർ വസ്തുനികുതി പരിഷ്ക്കരണ ഉത്തരവ് പ്രകാരം 2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് തുടർ വർഷങ്ങളിൽ 5% വീതം നികുതി വർദ്ധനവും 01/04/2023 മുതൽ നികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കുമാണ് പ്രാബല്യത്തിൽ വരുത്തേണ്ടത്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30/10/2023 ലെ 6(1) നം. തീരുമാന പ്രകാരം പുതുക്കിയ വസ്തുനികുതി നിരക്കുകൾ അന്തിമമായി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ പരിശോധിച്ചതിൽ 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട പല കെട്ടിടങ്ങൾക്കും പഴയ നിരക്കിൽ തന്നെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	ഉടമസ്ഥന്റെ വിവരം	ഉപയോഗക്രമം	വസ്തുനികുതി നിർണ്ണയിച്ച നിരക്ക് (ച.മീറ്ററിന്)	നിർണ്ണയിക്കേണ്ടിയിരുന്ന പുതിയ നിരക്ക് (ച.മീറ്ററിന്)
1	X/167A	സെബാസ്റ്റ്യൻ ജി മാത്യു, ഗണപതിപ്ലാക്കൽ	പാർപ്പിടാവശ്യം	5	6
2	X/411G	ജോജോ മാത്യു, മാപ്പലകയിൽ	പാർപ്പിടാവശ്യം	5	6
3	VIII/228B	അഞ്ജലി രാജു, ഓടനാട്ട്	പാർപ്പിടാവശ്യം	5	6
4	VI/360A	ബിന്ദു.വി.എസ്, വട്ടത്തറ	വാണിജ്യാവശ്യം (100 ച.മീ.വരെ)	30	40
5	VII/18A	നിജോ ജോസഫ്, നരിതൂക്കിൽ	വാണിജ്യാവശ്യം (100 ച.മീ.ന് മുകളിൽ)	50	60

ഇപ്രകാരം 01/04/2023 നു ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/12.11.24) പുതുക്കിയ നികുതി നിരക്ക് 01.04.2023 മുതൽ പ്രാബല്യത്തിൽ വരുത്തി നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തൻ വർഷം ധാരാളം കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കാത്തതിനാൽ നികുതിയിനത്തിൽ പഞ്ചായത്തിന് വലിയ നഷ്ടം സംഭിച്ചിട്ടുണ്ട്. ആയതിനാൽ 2023-24 ൽ വസ്തുനികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഐ.കെ.എം- മായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തുന്നു

വസ്തുനികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം(നികുതിയിളവില്ല), ദ്വിതീയം (കെട്ടിടങ്ങൾക്ക് 10% നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20% നികുതി ഇളവ്) എന്നീ മേഖലകളായി തരം തിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	വില്ലേജ്/ സർവേ നം.	കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡിന്റെ പേര്	കെട്ടിട ഉടമയുടെ വിവരം	കെട്ടിട നമ്പർ	മേഖല
1	പൂവരണി 467/1	പച്ചാത്തോട്-വലിയകൊട്ടാരം റോഡ്	മത്തായി തോമസ്,ഗണപതിപ്ലാക്കൽ	X/7	പ്രഥമം
			ജോസഫ് മാത്യു ഗണപതിപ്ലാക്കൽ	X/7A	ത്രിതീയം

2	പൂവരണി 42/3-2	പാലാ-പൊൻകുന്നം റോഡ്	റ്റി.എം.മാണി, താഴത്തുകുന്നേൽ	XI/15A	പ്രഥമം
			റെജു ജോർജ്ജ്, പത്താഴക്കല്ലിൽ	XI/15B	ദ്വിതീയം

ഇപ്രകാരം സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27/14.11.24)മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തി അപാകത പരിഹരിക്കേണ്ടതാണ്. സമാന രീതിയിൽ മറ്റു കെട്ടിടങ്ങളുടെ നികുതിനിർണ്ണയങ്ങളിലും ഇതേ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

1-14 ഒരേ റോഡ് തന്നെ വിവിധ തരംതിരുവുകളിൽ വസ്തുനികുതി നിർണ്ണയത്തിന് പരിഗണിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ(20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10% നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20% നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം.	ഉടമസ്ഥന്റെ വിവരം	റോഡിന്റെ പേര്	പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം)
1	VIII/26A	മിഖിൽ മാത്യൂസ്,നെല്ലോല പൊയ്കയിൽ	പൈക-ഇടമറ്റം റോഡ്	1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
	VIII/19 D	ജിമ്മി ജോസ്, കാഞ്ഞിരത്താം കുഴി		5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
2	X/96	ആൻസി തോമസ്, പുന്നത്താനത്ത്	പച്ചാത്തോട് കൊച്ചുകൊട്ടാരം റോഡ്	1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
	X/94	ബിജു ജേക്കബ്, കുമ്പളന്താനത്ത്		5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്

ഇതുപോലെ ഒരേ റോഡ് തന്നെ വ്യത്യസ്തതരങ്ങളിൽ വസ്തുനികുതി നിർണ്ണയത്തിന് പരിഗണിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/14.11.24)മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ വിഷയത്തിൽ പരിശോധന നടത്തി ആവശ്യമെങ്കിൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇത്തരത്തിൽ കൂടുതൽ അപാകതകൾ നിലവിൽ ഇല്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കുന്നതായി കാണുന്നില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം
1.	PHC കിഴപറയൂർ	ഒന്നാം അർദ്ധവർഷം
2	Alphonsa Foreign Language Acadamy	ഒന്നാം അർദ്ധവർഷം

കൂടാതെ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധവർഷം
1.	കേരള ഗ്രാമീൺ ബാങ്ക്	ഒന്നാം അർദ്ധവർഷം
2	Alphonsa Foreign Language Acadamy	ഒന്നാം അർദ്ധവർഷം
3	KSFE Paika Brach	രണ്ടാം അർദ്ധവർഷം
4	പൂവരണി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	രണ്ടാം അർദ്ധവർഷം (4സ്ഥാപനങ്ങൾ)
5	കളപ്പുരയ്ക്കൽ മോട്ടോഴ്സ് IOC DEALER	ഒന്നാം അർദ്ധവർഷം
6	മണപ്പുറം ഫിനാൻസ് പൈക	രണ്ടാം അർദ്ധവർഷം
7	ITHIEL Constructions	രണ്ടാം അർദ്ധവർഷം
8	Lion Charitable Trust Eye Hospital Paika	രണ്ടാം അർദ്ധവർഷം
9	NIPPON TOYOTO Nippon Motors Meenachil	1, 2അർദ്ധവർഷം
10	Crystal Cars Pvt. Ltd Meenachil	1, 2അർദ്ധവർഷം

മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/ 13.11.2024), PHC കിഴപറയൂർ തൊഴിൽ നികുതിയും,കേരള ഗ്രാമീൺ ബാങ്ക്, കളപ്പുരയ്ക്കൽ മോട്ടോഴ്സ് IOC DEALER എന്നിവ സ്ഥാപന തൊഴിൽ നികുതിയും അടവാക്കിയിട്ടുണ്ടെന്നും അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുകയാണെന്നും അറിയിച്ചു.വാർഡ് തലത്തിൽ ജനപ്രതിനിധികളുടെ സഹായത്തോടെ വിവരശേഖരണം നടത്തി കൂടുതൽ സ്ഥാപനങ്ങളെ നികുതി പരിധിയിൽ കൊണ്ടുവന്ന് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശിത സ്ഥാപനങ്ങളുടെ തൊഴിൽ നികുതി/സ്ഥാപന നികുതി എന്നിവ പിഴപ്പലിശ സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-16 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

മീനച്ചിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ കരാർ പ്രവൃത്തികൾ ചെയ്യുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2023-24 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2023-24 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് കരാർ വച്ചവരിൽ, നികുതി ഡിമാന്റ് ചെയ്യപ്പെടാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

ക്രമ നം.	2023-24 ലെ കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി
1	തോമസ് ജോർജ് കണിയാംകുന്നേൽ
2	മനോജ് റ്റി.ജി തുണ്ടിയിൽ തിടനാട്
3	ജോഷി തോമസ് അമ്പാട്ട് ഹൗസ്
4	റ്റോജു ജോസഫ് തയ്യിൽ
5	ജോമി മാത്യൂ പ്ലത്തോട്ടത്തിൽ
6	സാജൻ ജോസ് വാഴയിൽ
7	നിധിൻ മാത്യൂ കൂനാങ്കൽ അതിരമ്പുഴ
8	ജെയിംസ് ജേക്കബ് പേട്ടയിൽ മുട്ടുചിറ
9	അരുൺ കെ മേനാച്ചേരിൽ
10	വിഷ്ണു എം വിഷ്ണു ഭവൻ
11	സിജോ കെ.എം കോട്ടയിൽ
12	വി.റ്റി ദിൽകുഷ് ,ചരലയിൽ

കരാറുകാർ മറ്റ് തദ്ദേശ സ്ഥാപന പ്രദേശത്തുകൂടി പ്രവർത്തിക്കുന്നവരാണെങ്കിൽ ടി സ്ഥാപനങ്ങളിൽ അവരുടെ തൊഴിൽ നികുതി ഒടുക്ക് വിവരംകൂടി പരിശോധിച്ച് നികുതി ഡിമാന്റ് ചെയ്യേണ്ടതായിരുന്നു. കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. കരാറുകാരുടെ ഡേറ്റ തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിനും അതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.25/14.11.2024) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരുടെ ഡേറ്റാ തയ്യാറാക്കി തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിയ്ക്കേണ്ടതാണ്.

<u>1-17 ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനം പ്രവർത്തിക്കുന്നു</u>

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ റൂൾ 2 (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. പ്രസ്തുത ആക്ട് സെക്ഷൻ 232(1) പ്രകാരം, മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ അപകടം ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറി നം.7/41A, 7/50 എന്നിവയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് സ്റ്റാളിന് മൂലധന നിക്ഷേപത്തിനാനുപാതികമായുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്ന കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.24/14.11.2024)മറുപടിയായി മത്സ്യഫെഡ് സ്റ്റാളിന് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല എന്നാണ് അറിയിച്ചത്. മത്സ്യഫെഡ് സ്റ്റാളിന് ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ

പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-18 ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരമുള്ള പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

WP(C)14470/22 നമ്പരായുള്ള 31.01.2024 ലെ ബഹു. ഹൈക്കോടതി വിധി നടപ്പാക്കുന്നതിലേക്കായി പൊന്നോഴുകും തോടിന് കുറുകെയുള്ള പാലം വീതി കൂട്ടി നിർമ്മിക്കുന്നതിന് അസി.എഞ്ചിനിയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 1230000/- രൂപ ശ്രീ.ടോം മാത്യു, കരോട്ട് വീട്ടിൽ എന്ന വ്യക്തിയുടെ പക്കൽ നിന്നും 05.03.2024 ലെ 1230800861 നമ്പർ രസീത് പ്രകാരം തനത് ഫണ്ടിലേക്ക് സ്വീകരിച്ചിട്ടുണ്ട്. 3 മാസത്തിനകം ടെണ്ടർ നടപടികൾ സ്വീകരിച്ച് പാലം വീതി കൂട്ടുന്നതിനുള്ള നടപടി പൂർത്തീകരിക്കുന്നതിനാണ് ബഹു.ഹൈക്കോടതി ഉത്തരവിട്ടിരുന്നത് . ഇലക്ഷൻ പ്രഖ്യാപിച്ച സാഹചര്യത്തിൽ 06.06.2024 മുതൽ 4 മാസത്തേക്കും പിന്നീട് 16.10.2024 മുതൽ 3 മാസത്തേക്കും ബഹു.ഹൈക്കോടതി, പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് സമയം നീട്ടി അനുവദിച്ചിട്ടുണ്ട്. തുടർന്ന് കാലാവധി നീട്ടി നൽകില്ലായെന്നും ബഹു.ഹൈക്കോടതി നിരീക്ഷിട്ടിട്ടുള്ളതായും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കാണുന്നു. മേൽ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിലെ പുരോഗതിയും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/12.11.24) ടി പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിക്കുകയും കരാറുകാരനുമായി എഗ്രിമെന്റ് വെച്ച് 06.09.2024 ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി. കൂടാതെ കാലാവസ്ഥയും ട്രാഫിക് നിയന്ത്രണവും പ്രവൃത്തി പൂർത്തീകരണത്തിലെ വെല്ലുവിളികളാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും ബഹു.ഹൈക്കോടതി ഉത്തരവിലെ സമയപരിധി പാലിച്ച് പ്രവൃത്തി പൂർത്തിയാക്കി കോടതിയലക്ഷ്യനടപടികൾ ഒഴിവാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലുള്ള തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

2023-24 വർഷത്തെ വാർഷികകണക്കുകളിലെ ബി-18 ഷെഡ്യൂൾ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി മുൻകൂറായി നൽകിയിട്ടുള്ള വലിയ തുകകൾ നാളിതുവരെ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. മേൽ സാഹചര്യത്തിൽ പ്രസ്തുത മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിക്കാതെ അവശേഷിക്കുന്നതിനും ക്രമീകരിക്കാൻ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/08.11.24) ലഭ്യമാക്കിയ മറുപടി സഹിതമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ശീർഷകം	ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക	ലഭ്യമാക്കിയ മറുപടി
1	460100199-Other Advances	3900	ജലനിധി ബെനിഫിഷ്യറി ഗ്രൂപ്പിന് 16-17 ൽ നൽകിയ 18200 രൂപയിൽ തിരികെ ലഭിക്കുവാനുള്ള 3900 രൂപ. തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.
2	460500202 - Deposit With Kerala Electricity Board	1615487	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക.യു.സി.ലഭ്യമാക്കി ക്രമവൽക്കരിക്കുന്നതാണ്.
3	460500204-Deposit With	3501347	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ

	Ground Water Department		തുക.യു.സി.ലഭ്യമാക്കി ക്രമവൽക്കരിക്കുന്നതാണ്.
4	460500205-Deposit With PWD	87610	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക.യു.സി.ലഭ്യമാക്കി ക്രമവൽക്കരിക്കുന്നതാണ്
5	460500304-Advance To Kudumbashree Neighborhood Group	500000	കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകിയത്
6	460500399-Advance To Other Aaccredited Agencies	94840	പ്രേരക് മാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക.
7	460500501-Advance To Implementing Officers	791793	നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയ തുകകൾ.
8	460500801-Advance To MGNREGS	1472176	MGNREGS ഭരണചെലവുകൾക്ക് നൽകിയ തുക
	ആകെ	8067153/-	

എല്ലാത്തരം അക്രഡിറ്റഡ് ഏജൻസികൾ മുഖേനയും നടത്തുന്ന നിക്ഷേപ പ്രവൃത്തികൾക്കായി പ്രദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുക അതാത് വർഷം തന്നെ പ്രോജക്ട് പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടതാണെന്നും, പ്രോജക്ട് പൂർത്തീകരിക്കാത്തതിനെ തുടർന്ന് ചെലവഴിക്കാത്ത തുക അതാത് വർഷം തന്നെ പ്രാദേശിക സർക്കാരുകൾ സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നും 09/03/2023 ലെ സ.ഉ.(കൈ) നം.38/2023/ധന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഡെപ്പോസിറ്റ് ചെയ്ത വലിയ തുകകൾ പോലും വളരെ കാലം നിർവ്വഹണ ഏജൻസികളിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. മേൽ തുകകളുടെ കൃത്യത പരിശോധിച്ച് തുകകൾ അടിയന്തിരമായി വിനിയോഗിച്ച് ക്രമീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-20 കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയ റിവോൾവിംഗ് ഫണ്ട് ക്രമീകരിക്കാതെ അവശേഷിക്കുന്നു.

സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 50000/- രൂപ വീതം 10 യൂണിറ്റുകൾക്ക് ആകെ 500000/- രൂപ നൽകിയത് വാർഷികകണക്കുകളിലെ ബാലൻസ് ഷീറ്റിൽ ,ബി-9 ഷെഡ്യൂളിൽ "350400999-Refund Of Unutilised Grants- Prior Period " എന്ന ശീർഷകത്തിൽ ബാദ്ധ്യതയായും ബി-18 ഷെഡ്യൂളിൽ 460500304-Advance To Kudumbashree Neighborhood Group എന്ന ശീർഷകത്തിൽ അഡ്വാൻസായും അക്കൗണ്ട് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.07/08.11.24) പ്രോജക്ട് (നം.35/2013) പ്രകാരം വികസനഫണ്ടിൽ നിന്നും നൽകിയിട്ടുള്ള പ്രസ്തുത തുക കുടുംബശ്രീ യൂണിറ്റുകൾക്ക് നിരുപാധികം വിട്ടുകിട്ടിയിട്ടുള്ള തുക അല്ല എന്നും ഈ ഫണ്ട്, യൂണിറ്റുകൾ നിർജ്ജീവമാകുകയോ നിർത്തിപ്പോവുകയോ ചെയ്താൽ തിരിച്ച് അടയ്ക്കേണ്ട തുകയാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. പ്രസ്തുത യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് അന്വേഷണം നടത്തി പ്രവർത്തിക്കാത്ത യൂണിറ്റുകളിൽ നിന്നും തുക തിരികെ ഈടാക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതും തുടർ നടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-21 കംപ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക പരിപാലന ചെലവ്- കരാർ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം.	19/24
അടങ്കൽ	70000/- രൂപ (വികസന ഫണ്ട് പൊതുവിഭാഗം)
ചെലവ്	70000/- രൂപ (ബിൽ നം. 348/ 24.3.24)
നിർവ്വഹണോദ്യോഗസ്ഥൻ-	സെക്രട്ടറി

ക്രമ നം	തുക	നൽകിയ സ്ഥാപനം	വാർഷിക പരിപാലനത്തിൽ ഉൾപ്പെട്ട ഉപകരണങ്ങൾ
1	14750	ഹൈക്കൺ ഇൻഡ്യ ലിമിറ്റഡ്	യു.പി.എസ്
2	46964	കെൽട്രോൺ	കംപ്യൂട്ടറുകൾ
3	8286	കെ.എം ടെക്നോളജീസ്	ഷാർപ് പ്രിന്റർ

ഇതിൽ കെ. എം. ടെക്നോളജീസ് എന്ന സ്ഥാപനം പഞ്ചായത്തുമായി വാർഷിക പരിപാലന കരാർ വെച്ചത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/14.11.24)മറുപടി ലഭ്യമാക്കിയില്ല. കരാർ വെച്ചതിന്റെ രേഖകൾ ലഭ്യമാക്കുന്നത് വരെ 8286/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 തെരുവ് വിളക്കുകളുടെ പുനരുദ്ധാരണം- ബിൽ തുകയിൽ നിന്നും നികുതി വിഹിതങ്ങൾ ഈടാക്കില്ല.

പ്രോജക്ട് നം.	17/24
അടങ്കൽ	495000/- രൂപ (350000 രൂപ- ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 145000/- രൂപ- തനത് ഫണ്ട്)
ചെലവ്	279283/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

മീനച്ചിൽ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 1619 എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകൾ മെയിന്റനൻസ് നടത്തിയതിന് കരാറുകാരനായ ശ്രീ വിനോദ് ടി. കെ എന്ന വ്യക്തിക്ക് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

ക്രമ നം	ബിൽ നം/ തീയതി	തുക	ഇൻവോയ്സ് നം
1	291/ 14.3.24	157500	467/7.3.24
2	292/ 14.3.24	104283	467/7.3.24
3	439/ 30.3.24	17500	501/ 21.3.24
	ആകെ	279283/-	

എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ബില്ലിൽ നിന്നും ആദായനികുതി 1% നിരക്കിലും, ജി.എസ്.റ്റി. ടി.ഡി.എസ് 2% നിരക്കിലും ഈടാക്കേണ്ടതായിരുന്നു. ആയത്

ഈടാക്കിയിരുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/15.11.24) മറുപടി ലഭ്യമാക്കിയില്ല. നികുതി വിഹിതങ്ങൾ കരാറുകാരനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-23 തുമ്പൂർമൂഴി മോഡൽ മാലിന്യനിർമ്മാർജനം-പ്രവൃത്തി പൂർത്തിയാക്കില്ല.

പ്രോജക്ട് നം.	135/24
അടങ്കൽ	709638/- രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്- 496747 + തനത് ഫണ്ട്-212891)
ചെലവ്-	248891/- രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട് - 36000/- ബിൽ നം. 432/30.3.24+ തനത് ഫണ്ട്-212891/- ബിൽ നം. 431/30.3.24)
നിർവ്വഹണോദ്യോഗസ്ഥൻ-	അസിസ്റ്റന്റ് എൻജിനീയർ.

മീനച്ചിൽ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത മേൽ പ്രോജക്ട് പ്രകാരം പൂവരണി ഗവൺമെന്റ് യു.പി. സ്കൂൾ, സെന്റ് ജോസഫ് ഹൈസ്കൂൾ വിളക്കുമാടം എന്നിവിടങ്ങളിൽ തുമ്പൂർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എസ്റ്റിമേറ്റിലെ അപ്പൻഡിക്സ് (എ) ഷീറ്റ് റൂഫിംഗോടുകൂടിയ ഷെഡ് നിർമ്മാണവും അപ്പൻഡിക്സ് (ബി) എയ്റോബിക് ബിൻ നിർമ്മാണവുമാണ്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഷെഡ് നിർമ്മാണം പൂർത്തിയാക്കി ഒന്നാം പാർട്ട് ബിൽ പ്രകാരം 248891/- രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല. പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/7.11.24) ലഭ്യമാക്കിയ മറുപടിയിൽ വിദഗ്ദ്ധ തൊഴിലാളികളെ കിട്ടാതിരുന്നതിനാലാണ് പ്രോജക്ട് പൂർത്തിയാക്കാൻ കഴിയാതിരുന്നത് എന്നും 18.11.24 മുതൽ പ്രവൃത്തി പുനരാരംഭിക്കുന്നതാണെന്നും അറിയിച്ചു. പ്രവൃത്തി പൂർത്തിയാക്കി വിവരം അറിയിക്കുന്നത് വരെ 248891/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 കരാറുകാരൻ ക്വോട്ട് ചെയ്ത തുകയിലും അധികം മൂല്യം കണക്കാക്കി തുക അനുവദിച്ചു- അധികച്ചെലവ്.

പ്രോജക്ട് നം.	132/24 പാറപ്പള്ളി ഗവൺമെന്റ് സ്കൂൾ പുനരുദ്ധാരണം
അടങ്കൽ തുക	78317/- രൂപ മെയിന്റനൻസ് ഫണ്ട് റോഡിതരം)
ചെലവ് തുക	78317/- രൂപ (ബിൽ നം. 68/2.8.23)
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എൻജിനീയർ.

200000/- രൂപ അടങ്കൽ വകയിരുത്തി 2022-23 വർഷം ഏറ്റെടുത്തതാണ് മേൽ പ്രവൃത്തി. കരാറുകാരൻ ശ്രീ ജോഷി തോമസ് ക്വോട്ട് ചെയ്ത തുക, എസ്റ്റിമേറ്റ് തുകയായ 168598/- രൂപയിൽ നിന്നും 10.2% കുറച്ച് 151401/- രൂപയായിരുന്നു. ഇതുപ്രകാരം പ്രവൃത്തിക്ക് ജി.എസ്.ടി

വിഹിതം ഉൾപ്പെടെ ആകെ ചെലവഴിക്കാവുന്ന തുക 178653/- രൂപയാണ് (151401 + 18% ജി.എസ്.റ്റി). എന്നാൽ മേൽ പ്രവൃത്തിക്ക് ഒന്നാം പാർട്ട് ബില്ലായി 2022-23 ൽ 101388/- രൂപയും (ബിൽ നം. 312/29.3.23), 2023-24 ൽ ഫൈനൽ ബില്ലായി 78317/- രൂപയും (ബിൽ നം. 68/2.8.23) അനുവദിച്ചു. ആകെ ചെലവ് 179705/- രൂപ. അതായത് 1052 രൂപ (179705- 178653) അധികം ചെലവഴിച്ചു. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/7.11.24)മറുപടി ലഭ്യമാക്കിയതിൽ കരാറുകാരന് അധികം നൽകിയ 1052 രൂപ രസീത് നമ്പർ 1240801523/11.11.24 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് എന്ന് അറിയിച്ചു. പ്രോജക്ട് ചെലവ് മെയിന്റനൻസ് ഫണ്ട് റോഡിതരവിഭാഗത്തിൽ നിന്നുള്ളതായതിനാൽ 1052/- രൂപ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-25 ബാരൽ വിലയുടെ ജി.എസ്.ടി, തനഫണ്ടിൽ ക്രഡിറ്റ് ചെയ്തത്- സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല.

മീനച്ചിൽ ഗ്രാമ പഞ്ചായത്തിൽ 2023-24 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വിലയുടെ ജി.എസ്.ടി, ഈടാക്കിയത് "Sale Of Empties And Waste Materials” എന്ന ശീർഷകത്തിൽ സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട് നം/ പേര്	ചെലവ്, ഫണ്ടിനം	ബിൽ നം/ തീയതി	ബാരൽ വിലയുടെ ജി.എസ്.ടി ഈടാക്കിയ തുക
1	126/24 പച്ചാത്തോട് കൊച്ച്കൊട്ടാരം റോഡ് പുനരുദ്ധാരണം വാർഡ്- 10	568448 (മെയിന്റനൻസ് ഫണ്ട് റോഡ്)	69/2.8.23	600
2	139/24 വിളക്കുമാടം വാഴമറ്റം റോഡ് പുനരുദ്ധാരണം വാർഡ്- 7	582108 (മെയിന്റനൻസ് ഫണ്ട് റോഡ്)	71/2.8.23	772
3	149/24 വിളക്കുമാടം ചെമ്പകശ്ശേരി കാഞ്ഞിരത്താനം റോഡ് പുനരുദ്ധാരണം വാർഡ്- 5	341144 (മെയിന്റനൻസ് ഫണ്ട് റോഡ്)	70/2.8.23	729
4	150/24 വിളക്കുമാടം മേടയ്ക്കൽ റോഡ് പുനരുദ്ധാരണം	599825 (മെയിന്റനൻസ് ഫണ്ട് റോഡ്)	90/ 29.9.23	686
	ആകെ			2787/-

വാർഷിക കണക്ക് RP5 ഷെഡ്യൂൾ പ്രകാരം " Sale Of Empties And Waste Materials” എന്ന ശീർഷകത്തിൽ വരവില്ല. ILGMS ൽ ജി.എസ്.ടി തുക ഏത് ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത് എന്നും തുക സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/7.11.24) ലഭ്യമാക്കിയ മറുപടിയിൽ തനത് ഫണ്ട് വരവായി തെറ്റായി അക്കൗണ്ട് ചെയ്ത ടി തുക ജി.എസ്.ടി ശീർഷകത്തിലേക്ക് ക്രമീകരിച്ച് സർക്കാരിലേയ്ക്ക് ഒടുക്കി രസീത്

ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു. 2787/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-26 അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.

മീനച്ചിൽ ഗ്രാമ പഞ്ചായത്തിലെ LID & EW സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ എസ്. ബി. ഐ പാലാ ബ്രാഞ്ചിൽ സേവിംഗ് അക്കൗണ്ട് ഉള്ളതായി കാണുന്നു (അക്കൗണ്ട് നം. 67338839536). ഈ അക്കൗണ്ടിൽ 29.10.2024 ൽ 51053/- രൂപ നീക്കിയിരിപ്പ് ഉണ്ട്. ഈ തുക ഏത് ഇനത്തിലുള്ളതാണെന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/7.11.24) മറുപടി ലഭ്യമാക്കിയതിൽ നിലവിൽ അക്കൗണ്ടിലുള്ള തുക 2024-25 വർഷത്തെ ഇ ടെണ്ടർ ഫീ ഇനത്തിലുള്ള തുക ലഭിച്ചതാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടുണ്ടെന്നും ആയത് തനത് ഫണ്ടിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. 51053/- രൂപ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

1-27 എസ്.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-തുക അക്കൗണ്ടിൽ ക്രഡിറ്റായില്ല

പ്രോജക്ട് നം.	46/24
അടങ്കൽ തുക	223276/- വികസനഫണ്ട് (എസ്.സി.പി)
ചെലവ് തുക തുക /ബിൽ നം./തീയ്യതി	40000/- 214/09.01.24 40000/- 215/09.01.24 85000/- 257/16.02.24 58276/- 344/24.03.24
നിർവ്വഹണോദ്യോഗസ്ഥ	അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന 11 എസ്.സി വിദ്യാർത്ഥികൾക്ക് തൻ വർഷം സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.എന്നാൽ ഇതിൽ കുമാരി അപർണ്ണ മോഹൻ, കാരാമയിൽ എന്ന വിദ്യാർത്ഥിനിക്ക് അനുവദിച്ച 18276/- രൂപ, അക്കൗണ്ട് വിവരങ്ങളിലെ അപാകത മൂലം ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റാകാതെ തിരികെ സർക്കാർ ഫണ്ടിലേക്ക് പോയിട്ടുള്ളതായി കാണുന്നു. പ്രസ്തുത തുക സർക്കാർ ഫണ്ടിൽ നിന്നും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തിരികെ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/08.11.24) വിദ്യാർഥിനി ഹാജരാക്കിയ അക്കൗണ്ട് വിവരങ്ങളിലെ അപാകത മൂലം അക്കൗണ്ടിൽ ക്രഡിറ്റാകാതെ സർക്കാർ ഫണ്ടിലേക്ക് തിരികെ പോയ തുക വീണ്ടും ലഭ്യമാകുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ടി തുക നാളിതുവരെ ലഭ്യമായിട്ടില്ലെന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് ഗുണണഭോക്താവിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. പ്രസ്തുത ആനുകൂല്യം ഗുണഭോക്കാവിന് നഷ്ടമാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്. കൂടാതെ ഭാവിയിൽ ഗുണഭോക്താക്കളുടെ അക്കൗണ്ട് വിവരങ്ങളുടെ കൃത്യത ഉറപ്പാക്കി മാത്രം നിർവ്വഹണോദ്യോഗസ്ഥർ ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതും ഇത്തരത്തിലുള്ള പിഴവുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-28 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി- പദ്ധതി നടത്തിപ്പിൽ അപാകതകൾ

പ്രോജക്ട് നം/പേര്	80/24, എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി
അടങ്കൽ തുക	38684/- വികസനഫണ്ട് (എസ്.സി.പി)

ചെലവ് തുക ബിൽ നം./തീയ്യതി	25000/-288/12.03.24 13684/-345/24.03.24
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്ടിലുൾപ്പെടുത്തി അഭിനന്ദന വിനോദ് ,പുത്തൻ വീട് എന്ന വിദ്യാർഥിനിക്ക് പഠനമുറി നിർമ്മാണത്തിന് രണ്ട് ഘട്ടങ്ങളിലായി 38684/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 28.05.2022 ലെ സ.ഉ (കൈ)നം.115/2022/തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖയ്ക്ക് 28.03.2023 ലെ സ.ഉ (സാധാ)നം.738/2023/തസ്വഭവ ഉത്തരവിലൂടെ വരുത്തിയ ഭേദഗതി പ്രകാരം സർക്കാർ/ എയ്ഡഡ്/സ്പെഷ്യൽ/ടെക്നിക്കൽ സ്ക്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് പഠനമുറിക്ക് ആനുകൂല്യം നൽകാവുന്നത്. കൂടാതെ ഗുണഭോക്തൃ ലിസ്റ്റിലെ അർഹതയുള്ള എല്ലാ 12-ാം ക്ലാസ് വിദ്യാർത്ഥികളേയും ആനുകൂല്യത്തിനായി ആദ്യം പരിഗണിക്കണമെന്നും അതിനുശേഷം 11 മുതൽ താഴോട്ടുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഇതേ രീതിയിൽ പരിഗണിക്കേണ്ടതാണെന്നും ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ ആനുകൂല്യം അനുവദിച്ച അഭിനന്ദന വിനോദ് എന്ന കുട്ടി സ്ക്കൂൾ സർട്ടിഫിക്കറ്റ് പ്രകാരം 2-ാം ക്ലാസ് വിദ്യാർത്ഥിനിയാണ്. കൂടാതെ ഗുണഭോക്തൃ ലിസ്റ്റിൽ ആകെ ഉൾപ്പെട്ടിട്ടുള്ള 8 കുട്ടികളിൽ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന മറ്റ് കുട്ടികളെ പരിഗണിക്കാതെയാണ് 2-ാം ക്ലാസ് വിദ്യാർത്ഥിനിക്ക് ആനുകൂല്യം നൽകിയിട്ടുള്ളതെന്നും കാണുന്നു.

2. ടി പഠനമുറിയുടെ നിർമ്മാണം സംബന്ധിച്ച എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല. കൂടാതെ പഠനമുറി നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയതായും കാണുന്നില്ല.

മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/08.11.24) ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന മറ്റ് ഗുണഭോക്താക്കൾ ആരും പഠനമുറി നിർമ്മിക്കുവാൻ തയ്യാറായിരുന്നില്ലെന്നും മഴക്കാലത്ത് വെള്ളം കയറുന്ന വീടായതിനാലാണ് 2-ാം ക്ലാസ് വിദ്യാർത്ഥിനിക്ക് പഠനമുറി നൽകിയതെന്നും ടി പഠനമുറിയുടെ വാർക്കപണി പൂർത്തിയായിട്ടുണ്ടെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കുന്നു. എങ്കിലും ഭാവിയിൽ സബ്സിഡി മാർഗ്ഗരേഖ, സർക്കാർ ഉത്തരവ് എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രം ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പ്രസ്തുത പഠനമുറി നിർമ്മാണം പൂർത്തിയാക്കി ബാക്കി തുക അനുവദിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-29 ഗാർഹിക ഉറവിട മാലിന്യ സംസ്കരണം-ജിബിൻ ത്രി ബിൻ സിസ്റ്റം വിതരണ വിവരങ്ങൾ കൃത്യമല്ല - ബിൽ തുക അധികം നൽകി .

പ്രോജക്ട് നം.	73/23-24
പ്രോജക്ടിന്റെ പേര്	ഗാർഹിക ഉറവിട മാലിന്യ സംസ്കരണം-ജിബിൻ ത്രി ബിൻ വിതരണം
അടങ്കൽ തുക	402480/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 44720/-(ഗുണഭോക്തൃ വിഹിതം)
ആകെ	447200/-
ചെലവ്, ബിൽ നം./തീയ്യതി ചെക്ക് നം./ തീയ്യതി	1) 401506/(395/26.03.2024) (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 2) 44720/(ചെക്ക് നം. 21754/31.07.2024 വൗച്ചർ നം. 22400376)
ആകെ ചെലവ്	446226/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ "ഗാർഹിക ഉറവിട മാലിന്യ സംസ്കരണം-ജിബിൻ ത്രി ബിൻ സിസ്റ്റം" എന്ന പദ്ധതി പ്രകാരം 10% ഗുണഭോക്ത വിഹിതം അടവാക്കിയ 104 ഗുണഭോക്താക്കൾക്ക് ജിബിൻ ത്രി ബിൻ വിതരണം ചെയ്യാൻ തീരുമാനിച്ചിരുന്നു.പഞ്ചായത്ത് കമ്മിറ്റിയുടെ 02.02.2024 ലെ 1(6) നം തീരുമാനപ്രകാരം ഈ-നാട് യുവജന കോപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് 15/03/2024 ലെ VEO/03/2023 -24 നം കത്ത് പ്രകാരം 104 യുണിറ്റുകൾ വിതരണം ചെയ്യുന്നതിന് സപ്ലൈ ഓർഡർ നൽകി. ഈ-നാട് യുവജന കോപ്പറേറ്റീവ് സൊസൈറ്റിയുട 19.03.2024 ലെ ഇൻവോയിസ് നം.B2B-039 പ്രകാരമുള്ള ബിൽ തുക 446118/-രൂപയാണ്.
ജിബിൻ ത്രി ബിൻ വിതരണം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.
1) ജിബിൻ ത്രി ബിൻ സിസ്റ്റം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖയായി പരിശോധനയ്ക്ക് ഹാജരാക്കിയത് ഈ-നാട് യുവജന കോപ്പറേറ്റീവ് സൊസൈറ്റി തയ്യാറാക്കി നൽകിയ "Geo Tagging" ലിസ്റ്റാണ്. ലിസ്റ്റ് പ്രകാരം 104 ഗുണഭോക്താക്കൾ ഉണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം അടവാക്കിയ മീനച്ചിൽ ഗ്രാമ പഞ്ചായത്തിലെ 104 ഗുണഭോക്താക്കൾക്ക് തന്നെയാണോ ജിബിൻ ത്രി ബിൻ വിതരണം നടത്തിയത് എന്നത്, ലിസ്റ്റ് പ്രകാരം ഉറപ്പാക്കാൻ സാധിക്കുന്നില്ല. മാത്രമല്ല "Geo Tagging" ലിസ്റ്റിൽ ക്രമ നം.103 & 104 വ്യക്തികളുടെ പേരിന് നേരേ വാർഡ് 16 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. നിലവിൽ പഞ്ചായത്തിൽ 13 വാർഡുകൾ മാത്രമേയുള്ളു. ടി വ്യക്തികളുടെ രേഖപ്പെടുത്തിയിരിക്കുന്ന മേൽവിലാസം മീനച്ചിൽ പഞ്ചായത്തിൽപ്പെട്ട സ്ഥലവുമല്ല. ഗുണഭോക്തൃവിഹിതം അടവാക്കിയ എല്ലാ ഗുണഭോക്താക്കളും "Geo Tagging" ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/12.11.2024) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃ വിഹിതം അടവാക്കിയ 104 ഗുണഭോക്താക്കൾക്കും ജി-ബിൻ ലഭ്യമായിട്ടുള്ളതാണെന്നും വിതരണ ഏജൻസിയായ ഈ-നാട് യുവജന കോപ്പറേറ്റീവ് സൊസൈറ്റി വിവിധ പഞ്ചായത്തുകളിലെ "Geo Tagging" ലിസ്റ്റ് ക്രോഡീകരിപ്പോഴുണ്ടായ പിശക് മൂലമാണ് മറ്റ് പഞ്ചായത്തുകളിലെ വിവരങ്ങൾ ഉൾപ്പെടാൻ കാരണമായതെന്നും അറിയിച്ചു. മീനച്ചിൽ ഗ്രാമ പഞ്ചായത്തിന്റെ 104 ഗുണഭോക്താക്കൾക്ക് ജിബിൻ ത്രി ബിൻ നൽകിയ "Geo Tagging" പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്യു. വിതരണരേഖകളുടെ കൃത്യത നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2) ഈ-നാട് യുവജന കോപ്പറേറ്റീവ് സൊസൈറ്റിയുടെ 19.03.2024 ലെ ഇൻവോയിസ് നം.B2B-039 പ്രകാരമുള്ള ബിൽ തുക 446118/-രൂപയാണ്. എന്നാൽ 401506/ (ബിൽ നം.395/26.03.2024-ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്), 44720/-(ഗുണഭോക്തൃ വിഹിതം (ചെക്ക് നം. 21754/31.07.2024 വൗച്ചർ നം. 22400376) ഉൾപ്പെടെ ടിയിനത്തിൽ ആകെ നൽകിയിരിക്കുന്നത് 446226/-രൂപയാണ്. 108/-രൂപ അധികമായി (446226- 446118=108) ബില്ലിനത്തിൽ ഈ-നാട് യുവജന കോപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നൽകിയിട്ടുണ്ട്. ബില്ലിനത്തിൽ അധികമായി നൽകിയ 108/-രൂപ തിരികെ ഈടാക്കി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് -ൽ അടവാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-30 ലൈഫ് ഭവന പദ്ധതി- വീട് നിർമ്മാണം പൂർത്തിയാക്കിയില്ല

2023-24 വാർഷിക പദ്ധതിയിലെ നം.26/23-24, 162/23-24 പ്രോജക്ടുകൾ പ്രകാരം ജനറൽ, എസ്.സി വിഭാഗങ്ങൾക്കായി ലൈഫ് ഭവന പദ്ധതി പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. 2023-24 വർഷം കരാറിലേർപ്പെട്ട 21 ഗുണഭോക്താക്കളിൽ 20 ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ ഒരാൾ മാത്രമാണ് അവശേഷിക്കുന്നത്. ലൈഫ് ഭവന പദ്ധതി വളരെ വിജയകരമായി പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ വിവരം	വിഭാഗം	കരാറിലേർപ്പെട്ട തീയ്യതി	കൈപ്പറ്റിയ തുക	നിലവിലെ സ്ഥിതി
1	ഓമന ചരളിയിൽ പൂവരണി പി.ഒ	എസ്.സി	27.02.2024	3,45,000/-	ലിന്റൽ വരെ

മേൽ സൂചിപ്പിച്ച ഗുണഭോക്താവിന്റെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ തുടർ നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കേണ്ടതാണ്.

1-31 ജലനിധി സുസ്ഥിരതാ പദ്ധതിക്ക് വിഹിതം നൽകൽ- പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല- പഞ്ചായത്ത് വിഹിതമായി അധികം തുക നൽകി

പ്രോജക്ട് നം.	64/24
അടങ്കൽതുക	627910/- രൂപ (400000- ധനകാര്യകമ്മീഷൻ ഗ്രാന്റ് + 227910- തനത് ഫണ്ട്)
ചെലവ് തുക	526840/- രൂപ (298930/- ധനകാര്യകമ്മീഷൻ ഗ്രാന്റ്- ബിൽ നം. 402/ 26.3.24 + 227910/- തനത് ഫണ്ട്- ബിൽ നം. 230/ 27.1.24)
നിർവ്വഹണോദ്യോഗസ്ഥൻ-	സെക്രട്ടറി.

ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 8 കുടിവെള്ള പദ്ധതികളുടെ നവീകരണ പ്രവൃത്തികൾക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിനാണ് മേൽ പ്രോജക്ട് നടപ്പാക്കിയത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	പദ്ധതി	അടങ്കൽ	പഞ്ചായത്ത് വിഹിതം നിശ്ചയിച്ചത്
1	പാലാക്കാട് ഐശ്വര്യ	400000	60000
2	കരിമ്പനാം കുഴി	418672	62801
3	മുളക് കൊടിയാനി	284701	42705
4	പൂവരണി	476739	71511
5	കുഴിപ്പാലക്കുന്ന്	359791	53969
6	പുത്തൻ ശബരിമല	197059	29559
7	കിഴപറയാർ ജീവ	1465000	219750
8	കൊച്ചുകൊട്ടാരം	584100	87615
	ആകെ		627910/-

പഞ്ചായത്ത് കമ്മറ്റിയുടെ 25.2.23 ലെ 1(8)-ാം നമ്പർ തീരുമാനപ്രകാരം പൂവരണി പദ്ധതിയുടെ പഞ്ചായത്ത് വിഹിതം 71511/- രൂപയും പുത്തൻ ശബരിമല പദ്ധതിയുടെ പഞ്ചായത്ത് വിഹിതം 29559/- രൂപയും ഉൾപ്പടെ ആകെ 101070/- രൂപ നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. ആയത് 29.1.24 ലെ ചെക്ക് നം. 844443 പ്രകാരം ബി. ജി ഫെഡറേഷന് നൽകിയുന്നു. ഈ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ബാക്കി 526840/- രൂപ പ്രോജക്ട് പ്രകാരം നൽകിയിരുന്നു. മേൽ പരാമർശിച്ച 8 കുടിവെള്ള പദ്ധതികളുടെ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ (22/14.11.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ക്രമ നമ്പർ 7 ൽ ചേർത്തിട്ടുള്ള കിഴപറയാർ ജീവ എന്ന പദ്ധതിയുടെ ഒഴികെ ബാക്കി 7 പദ്ധതികൾ പൂർത്തിയാക്കി ബിൽ തയ്യാറാക്കിയതിന്റെ എം ബുക്കിന്റെ പകർപ്പ് ഹാജരാക്കി. ഇതിൽ കൊച്ചുകൊട്ടാരം എന്ന പദ്ധതിയുടെ എം ബുക്ക് പ്രകാരമുള്ള പ്രവൃത്തി മൂല്യം 343293/- രൂപയാണ്. 18% ജി.എസ്.റ്റി ഉൾപ്പടെ 405086/- രൂപയാണ് ചെലവ്. 405086/- രൂപയുടെ 15% ആയ 60763/- രൂപയാണ് പഞ്ചായത്ത് വിഹിതം അനുവദിക്കാവുന്നത്. എന്നാൽ കൊച്ചുകൊട്ടാരം പദ്ധതിയ്ക്ക് വേണ്ടി 87615/- രൂപ പഞ്ചായത്ത് വിഹിതം അനുവദിച്ചു. അധികം നൽകിയ 26852/- രൂപ (87615- 60763) ബി. ജി ഫെഡറേഷനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ പൂർത്തീകരണ വിവരം ലഭ്യമാക്കാത്ത കിഴപറയാർ ജീവ എന്ന പദ്ധതിക്ക് പഞ്ചായത്ത് വിഹിതമായി നൽകിയ 219750/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-32 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മ സേനയിലൂടെ

ഹരിത കേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന മിഷന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭക ഗ്രൂപ്പുകൾ രൂപീകരിച്ചിരിക്കുന്നത്. ഹരിത കേരള മിഷൻ, കുടുംബശ്രീ, പൊലൂഷൻ കൺട്രോൾ ബോർഡ്, ക്ലീൻ കേരള കമ്പനി എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് ഈ പദ്ധതി പ്രാവർത്തികമാക്കുന്നത്. കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേനാരൂപീകരണം നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ചിലയിടങ്ങളിൽ ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. ഹരിതകർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച 15/07/2017 ലെ 2420/2017/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും ആയതിന് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യ മുക്തമാക്കുകയെന്നുള്ളതുമാണ് ഹരിതകർമ്മസേനയുടെ പ്രഥമലക്ഷ്യം.

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമ പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യ ചുമതലകളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്ക്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു .

<u>ഹരിതകർമ്മസേനയെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ</u>

വാർഡ്	ജന സംഖ്യ	ആൾ താമസമുള്ള വീടുകൾ	സ്ഥാപനങ്ങൾ/ കടകൾ	ഹരിത കർമ്മസേന അംഗങ്ങളുടെ എണ്ണം
1	1291	358	15	1
2	1280	344	13	1
3	127	325	33	1
4	1285	361	16	1
5	1290	262	04	1
6	1311	375	14	1
7	1320	350	177	1
8	1281	331	38	1
9	1286	270	13	1
10	1280	303	51	1
11	1296	248	09	1
12	1296	311	27	1
13	1311	266	36	1
ആകെ	15664	4104	446	13

പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 13 വാർഡുകളിലായി 16000 ത്തിനടുത്ത് ജനങ്ങളാണ് പഞ്ചായത്തിൽ താമസിക്കുന്നത് . വിവിധ വാർഡുകളിലായി 4104 ജനവാസമുള്ള വീടുകളും 446-ഓളം സ്ഥാപനങ്ങളും നിലവിൽ ഉണ്ട്. ഒരു വാർഡിലേയ്ക്ക് ഒരാൾ വീതമാണ് ഹരിത കർമ്മ സേനയിൽ ഉള്ളത്. നിലവിൽ ആകെ സേനാംഗങ്ങളുടെ എണ്ണം 13 ആണ്. അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണമാണ് നടപ്പിലാക്കിയിരിക്കുന്നത്. പഞ്ചായത്തിൽ നിലവിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നുണ്ടെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ഹരിത കർമ്മ സേനയുടെ പ്രവർത്തനഫലമായി മികച്ച രീതിയിൽ മാലിന്യ ശേഖരണം നടത്തി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ബോട്ടിൽ ബൂത്തുകൾ, മിനി എം.സി.എഫുകൾ എന്നിവിടങ്ങളിലേക്ക് എത്തിക്കുകയും അവിടെ നിന്നും മെയിൻ

എം.സി.എഫിലേക്കെത്തിച്ച് റെപ്റ്റോ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിക്ക് കൈമാറുകയുമാണ് ചെയ്യുന്നത്.

<u>മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ</u>

മാലിന്യ ശേഖരണത്തിനായി മുൻകൂട്ടി കലണ്ടർ തയ്യാറാക്കി, അതു പ്രകാരമാണ് മാലിന്യ ശേഖരണം നടത്തുന്നത്. കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുന്നുണ്ട്. മാലിന്യ ശേഖരണ പ്രവർത്തനങ്ങൾക്കായി ഇ-ഓട്ടോ, ട്രോളി, എന്നിവ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളേയും സ്ഥാപനങ്ങളേയും ഹരിതകർമ്മസേനയുടെ പ്രവർത്തനപരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്. ഹരിത കർമ്മസേനാംഗങ്ങൾക്ക് പ്ലാസ്റ്റിക്ക് തരം തിരിക്കൽ, കണക്കുകളും രേഖകളും സൂക്ഷിക്കൽ, ഹരിത മിത്രം ആപ്പ് ഉപയോഗിക്കൽ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.

<u>മാലിന്യം വേർതിരിക്കൽ</u>

ശേഖരിക്കുന്ന അജൈവ മാലിന്യത്തിന്റെ 100% ഉറവിടത്തിൽ തരം തിരിച്ച് സൂക്ഷിക്കുന്നുണ്ട്. പാതയോരങ്ങൾ പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന ലഗസി മാലിന്യങ്ങൾ 50% തരം തിരിച്ചും ബാക്കിയുള്ളവ തരം തിരിക്കാതെയും നൽകുന്നു.

<u>സാമൂഹിക അവബോധം സൃഷ്ടിക്കൽ</u>

മാലിന്യ സംസ്ക്കരണ രീതീകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി 13 വാർഡുകളിലും ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ വാർഡുതല യോഗങ്ങളും പഞ്ചായത്ത് തല യോഗങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. മാത്രമല്ല പൊതുജനങ്ങളുടെ അറിവിലേക്കായി ഹരിതകർമ്മ സേനാംഗങ്ങളുടെ നേതൃത്വത്തിൽ രണ്ടു തവണ മാലിന്യ സംസ്ക്കരണത്തെ സംബന്ധിച്ച നോട്ടീസ് വിതരണവും നടത്തിയിട്ടുണ്ട്. എല്ലാ മാസവും ഹരിത കർമ്മസേനാംഗങ്ങളുടെ അവലോകന യോഗവും വിളിക്കുന്നുണ്ട്.

<u>തൊഴിൽ സൃഷ്ടിക്കൽ</u>

13 വാർഡുകളിലായി നിലവിൽ ആകെ ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം 13 ആണ്. ഹരിത കർമ്മ സേന അംഗങ്ങൾക്ക് ഒരു മാസം പരമാവധി 15,000/-രൂപ ശരാശരി വരുമാനം ലഭിക്കുന്നുണ്ട്. വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നിലവിൽ ഉപയോഗിക്കുന്നില്ല.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നത്. ആവശ്യമായ സ്ഥല സൗകര്യം എം.സി.എഫിൽ ഇല്ല. മാലിന്യ ശേഖരണത്തിനായി ഹരിത കർമ്മസേനക്ക് പിക്ക് അപ്പ് വാൻ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഹരിത കർമ്മസേനാംഗങ്ങൾ ആരും തന്നെ ഡ്രൈവിംഗ് പരിശീലനം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ മാലിന്യം ശേഖരിക്കുന്ന ദിവസങ്ങളിൽ മാത്രം താത്ക്കാലികമായി ഡ്രൈവറെ നിയമിച്ചുവരുന്നു. നിലവിൽ ഡ്രൈവറുടെ വേതനം സി.എഫ്.സി ഫണ്ടിൽ നിന്നാണ്(പ്രോജകട് പ്രകാരം) നൽകി വരുന്നത്. ഹരിത മിത്രം ആപ്പ് ഉപയോഗിക്കുന്നതിനും വീടുകളിൽ ക്യൂആർ കോഡ് പതിപ്പിക്കുന്നതുമായി ബന്ധപ്പെട്ടും ഹരിത കർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. വീടുകളിൽ ക്യൂആർ കോഡ് പതിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

<u>പാരിസ്ഥിതിക ആഘാതം</u>

ജനസാന്ദ്രത കുറഞ്ഞ പ്രദേശമായതിനാൽ മീനച്ചിൽ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ വൻതോതിൽ മാലിന്യം നിക്ഷേപിക്കപ്പെടുന്നില്ല. എങ്കിലും 2023-24 വർഷത്തിൽ അനധികൃതമായി പഞ്ചായത്ത് പ്രദേശത്ത് മാലിന്യം തള്ളൽ, നിരോധിത പ്ലാസ്റ്റിക്ക് ഉല്പന്നങ്ങളുടെ ഉപയോഗം എന്നീ ഇനങ്ങളിൽ 8 പേർക്ക് നോട്ടീസ് നൽകുകയും 1,20,000/-രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്യിട്ടുണ്ട്.

<u>MCF/RRF (Material Collection Fecility/Resource Recovery Facility)</u>

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് എം.സി.എഫ് പ്രവർത്തിക്കുന്നത്. എം.സി.എഫിലേയ്ക്ക് റോഡ് സൗകര്യമുണ്ട്, സ്ഥല പരിമിതിയുണ്ടെങ്കിലും ശുചിമുറി, വസ്ത്രം മാറ്റുന്നതിനുള്ള സൗകര്യം, അഗ്നി സുരക്ഷാ സംവിധാനം കുടിവെള്ളം, മാസ്ക്, ഗ്ലൗസ്സ് തുടങ്ങിയ സംവിധാനങ്ങൾ എർപ്പെടുത്തിയിട്ടുണ്ട്. എം.സി.എഫും പരിസരവും വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട്. ബെയിലിംഗ് യൂണിറ്റ്(മെഷിനറി), സംവിധാനം നിലവിലുണ്ട്. 2023-24 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി എം.സി.എഫിലേയ്ക്ക് 4 സോർട്ടിംഗ് ടേബിളുകൾ, കസേരകൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ സ്ഥല പരിമിതി മൂലം ഇവ എം.സി.എഫിനോട് ചേർന്നുള്ള പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിലാണ് സൂക്ഷിച്ചിരിക്കുന്നത്. എ.സി.എഫി ന്റെ സംഭരണശേഷിക്കുറവ് പരിഹരിക്കുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കിവരുന്നു. എം.സി.എഫിന്റെ ആകെ വിസ്തൃതി 1033.335 ചതുരശ്ര അടിയാണ്. ടിപ്പിംഗ് എരിയ & സോർട്ടിംഗ് എരിയ, സ്റ്റോറേജ് എരിയ എന്ന രീതീയിൽ എം.സി.എഫിന്റെ ആകെ സ്ഥലം തരം തിരിച്ചിട്ടില്ല. വാർഡുകളിലെ മിനി എം.സി.എഫ് കളിൽ നിന്ന് തന്നെ മാലിന്യം തരം തിരിച്ച് എത്തിക്കുകയാണ് ചെയ്യുന്നത്. സോർട്ടിംഗ് എരിയ പ്രത്യേകമായി തയ്യാറാക്കിയിട്ടില്ല.

<u>മാലിന്യ കൈമാറ്റം</u>

തരം തിരിച്ച് സൂക്ഷിച്ചിരിക്കുന്ന മാലിന്യം ക്ലീൻ കേരള കമ്പിനിയ്ക്കാണ് ആദ്യം നൽകിയിരുന്നത്. എന്നാൽ കൃതമായ ഇടവേളകളിൽ മാലിന്യ ശേഖരണം നടക്കാത്തതിനാൽ നിലവിൽ റെപ്റ്റോ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് നൽകുന്നത്. എ.സി.എഫി ന്റെ സംഭരണശേഷിക്കുറവ് മൂലം അധിക മാലിന്യം തരം തിരിച്ച് സൂക്ഷിക്കാൻ ബുദ്ധിമുട്ട് നേരിടേണ്ടിവരുന്നു. റെപ്റ്റോ പ്രൈവറ്റ് ലിമിറ്റഡ് നിലവിൽ കൃതമായ ഇടവേളകളിൽ മാലിന്യ ശേഖരണം നടത്തുന്നുണ്ട്.

<u>ഹരിത കർമ്മസേന നേരിടുന്ന പ്രധാന വെല്ലുവിളികൾ</u>

ഹരിത കർമ്മ സേനാംഗങ്ങളുടെ ലഭ്യതക്കുറവ് മൂലം കലണ്ടർ പ്രകാരമുള്ള മാലിന്യ ശേഖരണത്തിന് ബുദ്ധിമുട്ട് നേരിടുന്നു. എ.സി.എഫ്- ന്റെ സംഭരണശേഷിക്കുറവ് ഒരു പ്രധാന വെല്ലുവിളിയാണ്. മാലിന്യങ്ങൾ ഇടകലർത്തി നൽകുന്നതും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ഇത് സംബന്ധിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നൽകിവരുന്നുണ്ട്. നിലവിൽ പഞ്ചായത്തിൽ ഹരിതകർമ്മ സേന മെച്ചപ്പെട്ട രീതീയിൽ പ്രവർത്തിക്കുന്നുണ്ട്.

<u>ഭാഗം -2</u>

<u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

<u>ഭാഗം -3</u>

<u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2023-24	09.07.2024	06.11.2024

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2023-24 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായ **4997057**/-രൂപയിൽ **2718000/-** രൂപ ചെലവഴിച്ചിട്ടുണ്ട് കൂടാതെ ളാലം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ **4438742**/ രൂപയിൽ **1782589**/-രൂപ ചെലവഴിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

വിഹിതം നല്കിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്(നം.)	ചെലവ്	ബാക്കി
കോട്ടയം ജില്ല പഞ്ചായത്ത്	2800,000/-	ലൈഫ് പദ്ധതി ഭവന നിർമ്മാണം - ജനറൽ (26/24)	1,580,000/-	1220000
	80,000/-	ലൈഫ് സ്ഥലം വാങ്ങൽ ഭവന നിർമ്മാണം പട്ടികവർഗ്ഗം (163/24)	0	80,000/-
	500000	ലൈഫ് ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ ഭവന നിർമ്മാണം - പട്ടികജാതി (75/24)	480000	20000
	558724/-	ലൈഫ് ഭവന നിർമ്മാണം - പട്ടികജാതി (162/24)	0	558724/-
	158333	ലൈഫ് ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ ഭവന നിർമ്മാണം - പട്ടിക വർഗ്ഗം (77/24)	158000	333
	400000/-	അനുപൂരക പോഷകാഹാര പദ്ധതി (57/24)	0	400000/-
	100,000/-	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (58/24)	100,000/-	0

	100000/-	ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി (50/24)	100000/-	0
	300000	പാലിയേറ്റീവ് പരിചരണ പദ്ധതി 12 ഇന പരിപാടി(30/24)	300000	0
ആകെ	**4997057/-**	**ജില്ല പഞ്ചായത്ത് വിഹിതം**	**2718000/-**	**2279057**
ളാലം ബ്ലോക്ക് പഞ്ചായത്ത്	2800,000/-	ലൈഫ് പദ്ധതി ഭവന നിർമ്മാണം - ജനറൽ (26/24)	740,000/-	2060000
	109999/-	ലൈഫ് സ്ഥലം വാങ്ങൽ ഭവന നിർമ്മാണം പട്ടികവർഗ്ഗം (163/24)	109999/-	0
	300000/-	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (58/24)	50000/-	250000
	378743/-	വിജ്ഞാൻ വാടിക്ക് ടോയ്ലറ്റ് നിർമ്മാണം (147/24)	137072/-	241671
	200,000/-	വിളക്കുമാടം വാഴമറ്റം റോഡ് പുനരുദ്ധാരണം വാർഡ്-7 (139/24)	182818/-	17182
	500000	ലൈഫ് ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ ഭവന നിർമ്മാണം - പട്ടികജാതി (75/24)	390000	110000
	150000	ലൈഫ് ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ ഭവന നിർമ്മാണം - പട്ടിക വർഗ്ഗം (77/24)	72700	77300
	300000	പാലിയേറ്റീവ് പരിചരണ പദ്ധതി 12 ഇന പരിപാടി(30/24)	100000	200000
ആകെ	**4738742/-**	**ബ്ലോക്ക് പഞ്ചായത്ത് വിഹിതം**	**1782589/-**	**2956153**

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂറുകളൊന്നും നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ്

മീനച്ചിൽ ഗ്രാമപഞ്ചാത്ത് ഫണ്ടിൽ നിന്നും 2022-23 സാമ്പത്തിക വർഷം കൺവീനർ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

KURDFC യിൽ നിന്നുള്ള ലൈഫ് ഭവന പദ്ധതി , മീനച്ചിൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നുള്ള മീനച്ചിൽ ഭവന പദ്ധതി എന്നീ രണ്ട് വായ്പകൾ പഞ്ചായത്തിൽ നിലവിലുണ്ട്. നിലവിലുള്ള വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ ചേർക്കുന്നു.

വായ്പയുടെ പേര്/ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം എടുത്ത വായ്പ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് പദ്ധതി ഹഡ്കോ വായ്പ(KURDFC)	ജി.ഒ. (എം.എസ്) 68/2018/LSGD തീ-18.05.2018 ജി.ഒ. (എം.എസ്) 100/2018/LSGD, തീ-30.07.2018	3842340/-	5240000/-	1121058/-	-	7961282/-
മീനച്ചിൽ ഭവന പദ്ധതി	ജി.ഒ. (എം.എസ്.) 83/2013/LSGD തീ-11.03.2013	960000/-	ഇല്ല	520000/-	54958/-	440000/-

4-6 സ്ഥിരനിക്ഷേപങ്ങൾ

2023-24 വർഷം സ്ഥാപനത്തിലെ സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	0
തൻവർഷം നിക്ഷേപിച്ച തുക	30,00,000
ആകെ	30,00,000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	30,00,000

പഞ്ചായത്ത് ഭരണസമിതിയുടെ 13.09.2023 ലെ 9-ാം നമ്പർ തീരുമാന പ്രകാരം പുതിയതായി ആരംഭിച്ച സ്ഥിരനിക്ഷേപത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥിരനിക്ഷേപ അക്കൗണ്ട് നം.	നിക്ഷേപിച്ച തീയതി	തുക (രൂപ)	ബാങ്ക്/ ട്രഷറി	കാലാവധി
0120000042179	01.11.2023	30,00,000	പൂവരണി സർവ്വീസ് സഹകരണ ബാങ്ക്	01.11.2024

4-7 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് നം.	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം./ തീയതി
2022-23	1-12	150	ശ്രീമതി സിന്ധു	1230100014 തീയതി

			ഉദയകുമാർ പുതിയിടം ആശുപത്രി	10.04.23
2022-23	1-12	150	ശ്രീ.സന്തോഷ് വി.എൻ	1230100213 തീയതി 04.05.23
2022-23	1-20	20986	കുര്യാക്കോസ് ദാസ് (കരാറുകാരൻ അധിക തുക നൽകിയത്)	1230100230 തീയതി 06.05.23
	ആകെ	21286/-		

2023-24 വാർഷിക ധനകാര്യ പത്രികയിൽ ഓഡിറ്റ് റിക്കവറി തുകകളൊന്നും നിശ്ചിത ശീർഷകത്തിൽ അക്കൗണ്ട് ചെയ്യിട്ടില്ല. സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത് .

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ (Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-4	2016-17	അനുബന്ധം-3	വസ്തു നികുതി അപാകതകൾ	നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2014-15	2-5, 2-6	2016-17	അനുബന്ധം-4	തൊഴിൽ നികുതി അപാകതകൾ	”
2015-16	2-3	2016-17	അനുബന്ധം-5	തൊഴിൽ നികുതി അപാകതകൾ	”

4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പടെ (റസീറ്റ് & പേമെന്റ് പത്രിക പ്രകാരം)	:	51825710.53/-
ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)	:	99269499/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്		41145697/-

(റസീറ്റ് & പേമെന്റ് പത്രിക പ്രകാരം)		
ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)		99085472/-
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	476927/-

(ബി) **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഖണ്ഡിക-നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-21	8286/-	ശ്രീ. ബിജോ പി. ജോസഫ്, സെക്രട്ടറി
1-23	248891/-	ശ്രീമതി ഹരിലക്ഷ്മി എസ്, അസിസ്റ്റന്റ് എഞ്ചിനീയർ
1-31	219750/-	ശ്രീ. ബിജോ പി. ജോസഫ്, സെക്രട്ടറി
ആകെ	**4,76,927/-**	

(സി) **<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

(ഡി) **<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

(ഇ) **<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/08/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98 (ചെലവ്)	കെ.എസ്.എ.-കെ.ടി.എം.പി7-1417/2015/16.04.2016	1
1998-99 (വരവ്)	എൽ.എഫ്.കെ.പി7-142/2003/15.03.2005/05.04.2005	3
1999-02 (Plan)	എൽ.എഫ്.കെ.പി7-671/2003/24.11.2004/08.12.2004	10
2001-02	എൽ.എഫ്.കെ.പി5-1094/2007/03.07.2009	1
2002-03 (ചെലവ്)	കെ.എസ്.എ.-കെ.ടി.എം.പി7/ അദാ-2018/219(4)/2018 /06.03.2018	1

2002-03 (വരവ്)	എൽ.എഫ്.കെ.പി1-190/ADL/E6/2011	1
2003-04	കെ.എസ്.എ.-കെ.ടി.എം-പി7(അദാ-2022)/1804(1)/2022 /20.08.2022	1
2008-09	കെ.എസ്.എ.-കെ.ടി.എം.പി7/953/2022/10.08.2022	3
2009-10	കെ.എസ്.എ.-കെ.ടി.എം.പി7-285/2016/10.05.2016	-
2010-11 & 2011-12	കെ.എസ്.എ.-കെ.ടി.എം.പി7/1247/2022 /12.08.2022	1
2012-13	കെ.എസ്.എ.-കെ.ടി.എം.പി7/1335/2022 /12.08.2022	6
2013-14 & 2014-15	കെ.എസ്.എ.-കെ.ടി.എം.പി7/1336/2022 /12.08.2022	8
2015-16	കെ.എസ്.എ.-കെ.ടി.എം.പി7(അദാ-2022)/1804(3)/2022 /20.08.2022	7
2016-17	കെ.എസ്.എ.-കെ.ടി.എം.പി7(അദാ-2022)/1804(5)/2022 /20.08.2022	4
2017-18	കെ.എസ്.എ.-കെ.ടി.എം.പി7(അദാ-2022)/1804(4)/2022 /20.08.2022	10
2018-19	കെ.എസ്.എ.-കെ.ടി.എം.പി7/1140/2022 /12.08.2022	5
2019-20	കെ.എസ്.എ.-കെ.ടി.എം.പി7/507/2021 /09.06.2022	17
2020-21	കെ.എസ്.എ.-കെ.ടി.എം.പി7/2339/2022 /10.05.2023	19
2021-22	കെ.എസ്.എ.-കെ.ടി.എം.പി7-156/2023/ 13.03.2023	16
2022-23	കെ.എസ്.എ.-കെ.ടി.എം.പി7/1497/23/ 04.11.2023	32

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

Annexure-1

Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1(1) dated 17-05-2024 and submitted on 09-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Meenachil Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Meenachil Grama Panchayat as on 31-03-2024

Date: 26/11/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Meenachil Grama Panchayat for the Year 2023-2024.

1.Major Observations

1. General Fund Details not maintained. Opening Balance Receipt Payment (OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2024.
2. Non Disclosure of Capital Contribution-Capital contribution opening balance details as on 01/04/2023 has not provided by authorised register or document.
3. Non Disclosure of Assets-Assets not classified and valuated and accounted-Asset Register has not updated upto 31/03/2024.

2.Other Observations

1. Accrual accounting of contingent expenditures for the year, done in a single liability account head even though proper accounting heads are available.
2. An amount received for a special purpose is not accounted as liability.

3. Actual balance of loan amount shown in B-5 Schedule not tally with B-16 Schedule.

4. Mismatch in the balance amount of Jalanidhi account, recorded in B4 schedule and RP 40(b) schedule.
5. Mismatch in the balance amount of Distress relief Fund, recorded in B2 schedule and RP 40(b) schedule.
6. Advance to Saksharatha prerak not accounted in concerned account head.
7. The Amount deposited in K.S.R.T.C for Gramavandi Project is not accounted as Advance in AFS.
8. Details of Rs.184754 accounted as Capital Work in Progress not maintained.
9. Government and other dues register not maintained.

10. Mandatory financial statements such as notes on account is not included in AFS

Deputy Director
District Office Kottayam
Kerala State Audit Department

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്